**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2824.** **06.02.2018 ൽ മറുപടിയ്ക്ക്**

**എക്സൈസ് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എക്സൈസ് കേസുകൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അബ്കാരി കേസ്സുകളുടെ കാര്യത്തിൽ കഴിഞ്ഞ വർഷം 11 % കുറവ് വന്നിട്ടുണ്ട്. എൻ.ഡി.പി.എസ് കേസ്സുകളുടെ കാര്യത്തിൽ 99 % വർദ്ധനവും, പുകയില ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിൽ 58 % വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (ബി) | വ്യാജമദ്യ നിർമ്മാണം, വ്യാജ കള്ളിന്റെ നിർമ്മാണം എന്നിവയുൾപ്പെടെയുള്ള കേസുകൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ കഴിഞ്ഞ 6 മാസത്തിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | വർദ്ധിച്ചിട്ടില്ല. |
| (സി) | കള്ളിൽ മായം ചേർക്കുന്നതിനുള്ള ശിക്ഷയിൽ ഇളവു വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചതാണ് ഇത്തരം കേസുകൾ വർദ്ധിക്കാനിടയായതെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇതിന് കാരണം; വ്യക്തമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | ഈ സർക്കാരിന്റെ മദ്യനയം നിലവിൽ വന്ന ശേഷം എക്സൈസ് കേസുകൾ വർദ്ധിക്കാനിടയായത് മദ്യനയത്തിലുണ്ടായ പോരായ്മ കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ? | (ഡി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് അബ്കാരി കേസ്സുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. മയക്ക്മരുന്ന് കേസ്സുകളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**